എസ്.റ്റി.എ(1)15725/2016 സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി. 06.04.2016

**സർക്കുലർ നമ്പർ 9/2016**

വിഷയം: –സഹകരണ വകുപ്പ്– സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങളുടെ 2015–2016 വർഷത്തെ നമ്പർ സ്റ്റേറ്റ്മെന്റും സംഘങ്ങളുടെ പട്ടികയും– നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന:– തുടക്കഫെയൽ.

1. **നമ്പർ സ്റ്റേറ്റ്മെന്റും സഹകരണ സംഘങ്ങളുടെ പട്ടികയും**

2015–2016 സാമ്പത്തികവർഷത്തിൽ ഓരോ സർക്കിളിലും നിലവിലുള്ള സംഘങ്ങളുടെ എണ്ണം, പൂർണ്ണമായ മേൽവിലാസം, രജിസ്റ്റർ ചെയ്ത തീയതി, രജിസ്റ്റർ നമ്പർ, ഫോൺ നമ്പർ, ചട്ടം 15 പ്രകാരമുള്ള തരംതിരിവ് എന്നീ വിവരങ്ങൾ ഉൾപ്പെട്ട ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രൊഫോർമകളിൽ (പ്രൊഫോർമ I and II) സമർപ്പിക്കേണ്ടതാണ്. മേൽ വിവരങ്ങൾക്കു പുറമേ എന്തെങ്കിലും അധികമായി രേഖപ്പെടുത്തുകയാണെങ്കിൽ ആയത് റിമാർക്സ് കോളത്തിൽ ഉൾപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

സംഘങ്ങളുടെ പേരടങ്ങിയ ലിസ്റ്റിൽ ഓരോ സംഘത്തിന്റെയും നേർക്ക് ഇപ്പോൾ പ്രവർത്തിക്കുന്നതാണോ, പ്രവർത്തനരഹിതമാണോ ലിക്വിഡേഷനിൽ തുടരുന്നവയാണോ തുടങ്ങിയ എല്ലാ വിവരങ്ങളും ഉൾക്കൊള്ളിക്കേണ്ടതും ചട്ടം 15 പ്രകാരമുള്ള ശരിയായ തരംതിരിവ് (ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച്)തുടങ്ങിയ ഓരോ സംഘത്തെ സംബന്ധിച്ചുള്ള വിവരങ്ങൾ അതാതുകോളത്തിൽ രേഖപ്പെടുത്തേണ്ടതാണ്. യാതൊരു കാരണവശാലും കോളത്തിൽ രേഖപ്പെടുത്തലുകളൊന്നും ഇല്ലാതെ അയയ്ക്കുവാൻ പാടില്ലാത്തതും, ഏതെങ്കിലും സംഘത്തെ സംബന്ധിച്ച് കോളത്തിൽ പരാമർശിച്ചിരിക്കുന്ന കാര്യങ്ങൾ ബാധകമല്ലായെങ്കിൽ ആയത് ബാധകമല്ല എന്ന് രേഖപ്പെടുത്തേണ്ടതും, അധികവിവരങ്ങൾ എന്തെങ്കിലും രേഖപ്പെടുത്തുവാൻ ഉണ്ടെങ്കിൽ ആയത് റിമാർക്സ് കോളത്തിൽ ഉൾപ്പെടുത്തുകയും ചെയ്യേണ്ടതാണ്. സംഘങ്ങളുടെ പേരടങ്ങിയ ലിസ്റ്റ് പ്രൊഫോർമ II– ൽ സമർപ്പിക്കേണ്ടതാണ്.

2. **പുതിയതായി രജിസ്റ്റർചെയ്തതും ലികിഡേറ്റ് ചെയ്തതും ആയിട്ടുള്ള സഹകരണ സംഘങ്ങളുടെ വിവരങ്ങൾ.**

2015–2016 സാമ്പത്തികവർഷത്തിൽ പുതിയതായി രജിസ്റ്റർ ചെയ്ത സഹകരണ സംഘങ്ങളുടെ പേര്, മേൽവിലാസം, ഫോൺ നമ്പർ, രജിസ്റ്റർ നമ്പർ, രജിസ്റ്റർ ചെയ്ത തീയതി/ലികിഡേറ്റ് ചെയ്ത തീയതി, തരംതിരിവ് എന്നിവ അടങ്ങിയ ലിസ്റ്റ് പ്രത്യേകം പ്രൊഫോർമകളിൽ (പ്രൊഫോർമ III (A), പ്രൊഫോർമ III(B))സമർപ്പിക്കേണ്ടതാണ്. അപ്രകാരം വിവരങ്ങൾ രേഖപ്പെടുത്തിയ നമ്പർ സ്റ്റേറ്റ്മെന്റ് 30/04/2016 ന് മുൻപായി ഈ ആഫീസിൽ സമർപ്പിക്കേണ്ടതാണ്.

നമ്പർ സ്റ്റേറ്റ്മെന്റുകൾ യഥാസമയം കൃത്യതയോടെ സമർപ്പിക്കുന്നതിൽ ചില ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തുനിന്നും വീഴ്ചകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ആയതിനാൽ ഈ വർഷത്തെ നമ്പർ സ്റ്റേറ്റ്മെന്റുകൾ നിശ്ചിത സമയപരിധിക്കകം തെറ്റുകൾ കൂടാതെ കൃത്യതയോടെ വിവരങ്ങൾ സമർപ്പിക്കേണ്ടതും, സമർപ്പിക്കുന്ന വിവരങ്ങൾ പൂർണ്ണമാണെന്നും അവ കൃത്യസമയത്തുതന്നെ ഈ ആഫീസിൽ സമർപ്പിച്ചിട്ടുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്. നമ്പർ സ്റ്റേറ്റ്മെന്റുകൾ കഴിയുന്നതും ഈ-മെയിലിൽ അയക്കുവാൻ താൽപര്യപ്പെടുന്നു.

ഇ.മെയിൽ വിലാസം- costat.rcs@gmail.com

ഒപ്പ്
എസ്. ലളിതാംബിക, ഐ.എ.എസ്.
സഹകരണ സംഘം രജിസ്ട്രാർ

ഉള്ളടക്കം:- പ്രൊഫോർമ I, II, III (A); III (B)

പകർപ്പ്:

1. എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും.
2. എല്ലാ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും.
3. എഡിറ്റർ സഹകരണവീഥി/സഹകരണ ജേർണൽ
4. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
5. സ്റ്റോക്ക് ഫയൽ

ആജ്ഞാനുസരണം

Prabhakumari J.

ഡെപ്യൂട്ടി രജിസ്ട്രാർ (പ്ലാനിംഗ്)

എസ്.ആർ 07.04.2016